**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- ചെങ്ങന്നൂർ ബ്ലോക്കിലെ ബുധനൂർ ഗ്രാമപഞ്ചായത്തിലെ ഐ.എ.വൈ, ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയിലെ ക്രമക്കേടുകൾ- ശ്രീ.സോമനാഥ്.പി.എസ്. മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബുധനൂർ ഗ്രാമപഞ്ചായത്ത്, ശ്രീ.ജി.രംഗൻ, മുൻ എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) ചെങ്ങന്നൂർ ബ്ലോക്ക്, എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 936/2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 29/03/2017

---

പരാമർശം :
1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോഡയറക്ടറുടെ 17.11.2012 ലെ E4(QV05/11/ALP) 28285/2011 നമ്പർ കത്ത്.
2. ശ്രീ.സോമനാഥ്.പി.എസ്, ശ്രീ.ജി.രംഗൻ എന്നിവർക്കെതിരെയുള്ള 25.05.2013 ലെ നം.22368/ ഇആർബി3/2013/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണപത്രികയും
3. ശ്രീ.ജി.രംഗൻ സമർപ്പിച്ച 12.06.2013 ലെ പ്രതിവാദ പത്രിക.
4. ശ്രീ.സോമനാഥ്.പി.എസ് സമർപ്പിച്ച 14.06.2013 ലെ പ്രതിവാദപത്രിക.
5. ഗ്രാമവികസന കമ്മീഷണറുടെ 24/01/2014, 28.03.2015 എന്നീ തീയതികളിലെ 11163/എസ്റ്റാ.എ 2/13/സിആർഡി നമ്പർ കത്തുകളും അന്വേഷണ റിപ്പോർട്ടും.
6. സ.ഉ. (സാധാ) നം. 3750/2015/തസ്വഭവ, തീയതി 16.12.2015
7. ശ്രീ.സോമനാഥ്.പി.എസ്സ്, ശ്രീ.ജി.രംഗൻ എന്നിവർക്കെതിരെയുള്ള 29.01.2016 ലെ നം.22368/ ഇആർബി3/2013/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
8. 17/03/2016-ൽ ശ്രീ.ജി.രംഗൻ സമർപ്പിച്ച കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി.

**<u>ഉത്തരവ്</u>**

ചെങ്ങന്നൂർ ബ്ലോക്കിലെ ബുധനൂർ ഗ്രാമപഞ്ചായത്തിൽ IAY, EMS ഭവന നിർമ്മാണ പദ്ധതി പ്രകാരം ധനസഹായം നല്കിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ അനർഹരായവർക്കും ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ധനസഹായം നല്കിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ആ കാലയളവിലെ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, (1) ശ്രീ.പി.വിജയകുമാർ, മുൻ എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്), ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്, (2) ശ്രീമതി. വി. ആർ. രാധാമണി അമ്മ,

എക്സ്റ്റൻഷൻ ഓഫീസർ (വനിതക്ഷേമം), ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് , (3) ശ്രീ.കെ.എസ്. ദിനേശൻ, മുൻബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, ചെങ്ങന്നൂർ ബ്ലോക്ക്, (4) ശ്രീമതി.കെ.എൻ.രമാദേവി, മുൻ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, ചെങ്ങന്നൂർ ബ്ലോക്ക്, (5) ശ്രീ.കെ.കെ.വിശ്വംഭരൻ, മുൻബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, ചെങ്ങന്നൂർ ബ്ലോക്ക്, (6) ശ്രീ.സോമനാഥ്.പി.എസ്, മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബുധനൂർ ഗ്രാമപഞ്ചായത്ത്, (7) ശ്രീ.ജി.രംഗൻ, മുൻ എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്), (8) ശ്രീ.ജോർജ്ജ് പണിക്കർ, മുൻ എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) എന്നിവർക്കെതിരെ അച്ചടക്കനടപടി ആരംഭിക്കുകയും ശ്രീ.ജി.രംഗൻ, ശ്രീ.സോമനാഥ്.പി.എസ് എന്നിവർ ഒഴികെയുള്ളവർക്കെതിരെയുള്ള അച്ചടക്ക നടപടി പരാമർശം (6) പ്രകാരം തീർപ്പാക്കിയിട്ടുള്ളതും ശ്രീ.പി.എസ്.സോമനാഥ്, മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബുധനൂർ ഗ്രാമപഞ്ചായത്ത്, ശ്രീ.ജി.രംഗൻ, മുൻ എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) എന്നിവർക്കെതിരെ സ്വീകരിച്ചിരുന്ന അച്ചടക്കനടപടികൾ സംബന്ധിച്ച് പിന്നീട് തീരുമാനമെടുക്കുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ ഉത്തരവായിരുന്നു.

ശ്രീമതി.പ്രസന്നകുമാരി, അക്കാപറമ്പിൽ, കടമ്പൂർ, ബുധനൂർ, ശ്രീമതി.സരസമ്മ, (W/o ചന്ദ്രൻ), രതീഷ്ഭവനം, വാർഡ് IV, ശ്രീമതി.കൃഷ്ണമ്മ (W/o സുധാകരൻ), വലിയതറയിൽ, ഉളുന്തി വാർഡ് VIII, ബുധനൂർ ഗ്രാമപഞ്ചായത്ത്, ശ്രീമതി.ശാന്തമ്മ, അഞ്ചുതെങ്ങിൽ വീട്, വാർഡ് XI, ബുധനൂർ ഗ്രാമപഞ്ചായത്ത് എന്നിവർക്ക് ഭവനധനസഹായം അനുവദിച്ചതിലാണ് ക്രമക്കേട് കണ്ടെത്തിയത്. EMS ഭവന പദ്ധതിയുടെ അംഗീകൃതപട്ടികയിൽ ഉൾപ്പെടാത്ത ശ്രീമതി.പ്രസന്നകുമാരിക്ക് സീനിയോറിറ്റി മറികടന്ന് വീട്ടുനിർമ്മാണത്തിനായി 93,250/- (തൊണ്ണൂറ്റിമൂവായിരത്തി ഇരുന്നൂറ്റി അമ്പത് രൂപാ മാത്രം) രൂപ ധന സഹായം നൽകിയതിലും, ധനസഹായം നൽകിയിട്ടും, സർക്കാർ നിശ്ചയിച്ചതിനേക്കാൾ കൂടിയ വിസ്തീർണ്ണത്തിൽ വീട്ടുനിർമ്മാണം നടത്തിയതിനാൽ വീടുപൂർത്തിയാക്കാൻ കഴിയാത്തതിലും ടി കാലയളവിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരുന്ന ശ്രീ.സോമനാഥ്.പി.എസ് കുറ്റക്കാരനാണെന്ന് കണ്ടെത്തിയിരുന്നു.

ശ്രീ.ജി.രംഗൻ പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചു. ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ 07/08/2010 ലെ സാധാരണ ഗ്രാമപഞ്ചായത്ത് മീറ്റിംഗിലെ (iii) (a) 10-ാം നമ്പർ തീരുമാന പ്രകാരം ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ക്രമനമ്പർ 1 (ഒന്ന്) ആയി ശ്രീമതി.പ്രസന്നകുമാരി ഉൾപ്പെട്ടിരുന്നുവെന്നും 02/09/2010-ൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ശുപാർശ പ്രകാരം 15,000/- രൂപ

ആദ്യ ഗഡു ഫൗണ്ടേഷൻ ബേസ്മെന്റ് പൂർത്തീകരിച്ചതായുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ 05/01/2011 ൽ 30,000/- രൂപയും ഉൾപ്പെടെ 45,000/- രൂപ മാത്രമേ നൽകിയിട്ടുള്ളൂവെന്നും അപ്പോൾ നടത്തിയ പരിശോധനയിൽ ടി ഗുണഭോക്താവിന്റെ വീട് 40 $M^2$ മാത്രമേ വിസ്തീർണ്ണം ഉണ്ടായിരുന്നുള്ളൂവെന്നും ആയതിനാൽ യാതൊരു ക്രമക്കേടും നടന്നിട്ടില്ല എന്നും ശ്രീമതി.സരസമ്മയുടെ കാര്യത്തിൽ രേഖകൾ പരിശോധിച്ചും ഗുണഭോക്താവിനോട് നേരിട്ട് ചോദിച്ചും വിവരങ്ങൾ ശേഖരിച്ചിട്ടാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ശുപാർശ പ്രകാരം 25,000/- രൂപ ആദ്യ ഗഡു നൽകാൻ ഹൗസിംഗ് ഓഫീസർ എന്ന നിലയിൽ ശുപാർശ ചെയ്തതെന്നും താൻ പിന്നീട് വർക്കല ബ്ലോക്കോഫീസിലേയ്ക്ക് സ്ഥലം മാറി പോയി എന്നും ശ്രീ.ജി.രംഗൻ ബോധിപ്പിച്ചു. ഗുണഭോക്താക്കളുടെ അർഹതയെക്കുറിച്ചും നിലവിൽ വാസയോഗ്യമായ വീട് ഉണ്ടോ എന്നതിനെക്കുറിച്ചും പ്രാദേശിക അന്വേഷണം നടത്തുന്നതിന്റെ ചുമതല ഗ്രാമതല ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കാണെന്നും ശ്രീമതി. പ്രസന്നകുമാരിക്കും, ശ്രീമതി.സരസമ്മയ്ക്കും ഇന്ദിരാ ആവാസ് യോജന ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് ഹൗസിംഗ് എക്സ്റ്റൻഷൻ ഓഫീസർ എന്ന നിലയിൽ സംസ്ഥാന സർക്കാരിന്റെ ഗൈഡ് ലൈനുകൾക്കും, വ്യവസ്ഥകൾക്കും, നിയമങ്ങൾക്കും, വിധേയമായി മാത്രമേ ധനസഹായത്തിന് ശുപാർശ നൽകിയിരുന്നുള്ളൂ എന്നും ശ്രീ.രംഗൻ ബോധിപ്പിച്ചു.

ശ്രീമതി.കൃഷ്ണമ്മയുടെ ഭർത്താവായ ശ്രീ.സുധാകരന് ഓഹരിയവകാശമുള്ള ഭൂമിയുണ്ടായിരിക്കെ, 2008-2009-ൽ, ഭൂമി വാങ്ങി വീടുവയ്ക്കുന്നതിന് 'ഭൂരഹിത പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങൽ' പദ്ധതി മുഖേന ആനുകൂല്യമായി 45,000/- രൂപയും 2009-10-ൽ IAY പദ്ധതി പ്രകാരം 10,000/- രൂപയും നൽകിയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ സർക്കാർ പണം ദുരുപയോഗം ചെയ്തു എന്നുള്ളതാണ് ശ്രീ.സോമനാഥിനെതിരെയുള്ള ഒരു കുറ്റം. EMS ഭവന പദ്ധതിയുടെ അംഗീകൃതപട്ടികയിൽ ഉൾപ്പെടാത്ത ശ്രീമതി.പ്രസന്നകുമാരിക്ക് സീനിയോറിറ്റി മറികടന്ന് വീട്ടു നിർമ്മാണത്തിനായി 93,250/- (തൊണ്ണൂറ്റിമൂവായിരത്തി ഇരുന്നൂറ്റി അമ്പത് രൂപാ മാത്രം) രൂപാ ധന സഹായം നൽകിയതിലും ധനസഹായം നൽകിയിട്ടും, സർക്കാർ നിശ്ചയിച്ചതിലും കൂടിയ വിസ്തീർണ്ണത്തിൽ വീട്ടു നിർമ്മാണം നടത്തിയതിനാൽ വീടുപൂർത്തിയാക്കാൻ കഴിയാത്തതിലും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.സോമനാഥ്.പി.എസ് കുറ്റക്കാരനാണെന്ന് കണ്ടെത്തിയിരുന്നു. ശ്രീമതി.സരസമ്മയ്ക്ക് 2 വീടുകളുണ്ടായിരുന്നിട്ടും വീണ്ടും ധനസഹായം നൽകിയെന്നും ശ്രീമതി.ശാന്തമ്മ

നിയമാനുസൃതമുള്ള വിസ്തീർണ്ണത്തിൽക്കവിഞ്ഞ് വീട്ട നിർമ്മാണം നടത്തിയതിനാൽ, ടിയാൾക്ക് 55,000/- രൂപ അനുവദിച്ച നൽകിയിട്ടം വീട്ട നിർമ്മാണം പൂർത്തിയായില്ല എന്നതുമാണ് മറ്റൊരു കുറ്റമായി ചുമത്തപ്പെട്ടിട്ടുള്ളത്.

ശ്രീ.സോമനാഥ്.പി.എസ് പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ആയതിൽ ടിയാൻ കുറ്റങ്ങൾ നിഷേധിക്കുകയും ചെയ്തു. ശ്രീമതി.കൃഷ്ണമ്മ സുധാകരൻ എന്ന ഗുണഭോക്താവ് 2008-09 സാമ്പത്തിക വർഷത്തിൽ വാസയോഗ്യമായ വീടില്ലാത്തവരുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നുവെന്നും ടിയാൾക്ക് വീട് വെയ്ക്കുവാൻ ധനസഹായം നൽകുവാനായി രേഖകൾ ആവശ്യപ്പെട്ടപ്പോൾ സ്വന്തമായി വസ്തു ഉണ്ടെന്നുള്ള യാതൊരു രേഖയും ഹാജരാക്കിയില്ലെന്നും ടിയാന്റെ ഭർതൃമാതാവിന്റെ പേരിൽ 5 സെന്റ് ഭൂമിയുള്ളതായും, അവർക്ക് 5 മക്കൾ ഉള്ളതായും 5 സെന്റ് ഭൂമി 5 മക്കൾക്കും തുല്യ അവകാശമുള്ളതായും ബോദ്ധ്യപ്പെട്ടതായും നിലവിൽ ഉണ്ടായിരുന്ന സർക്കാർ നിർദ്ദേശ പ്രകാരം ഒരു കുടുംബത്തിന് കുടുംബ വിഹിതമായി 1.5 സെന്റ് ഭൂമിയിൽ കുറവാണ് ഉള്ളതെങ്കിൽ ഭൂരഹിത-ഭവന രഹിത ധന സഹായത്തിന് അർഹതയുണ്ടെന്നും, പാവപ്പെട്ട പട്ടിക ജാതിയിൽപ്പെട്ട ഒരു കുടുംബത്തിന് ഭൂമിയും വീടും ലഭിക്കുന്നതിനുള്ള വഴിയടയാതിരിക്കുന്നതിനും വേണ്ടി അന്നത്തെ ഭരണ സമിതിയുടെ നിർബന്ധം മൂലം ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം അനുവദിക്കുകയുണ്ടായെന്നും ഭൂമി വാങ്ങി നൽകിയവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കാമെന്ന് നിലവിൽ ഉത്തരവ് ഉണ്ടായിരുന്നെന്നും ഈ സാഹചര്യത്തിലാണ് വീടിനായി 10,000/- രൂപക്ക് ശുപാർശ ചെയ്തതെന്നും, ടി ഗുണഭോക്താവ് അർഹതപ്പെട്ട ആളാണെന്ന് ഭരണ സമിതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയത്തിൽ സാധൂകരണം നൽകിയിട്ടുണ്ടെന്നും ശ്രീ.സോമനാഥ് ബോധിപ്പിച്ചു.

ശ്രീമതി.പ്രസന്നകുമാരി കൃഷ്ണൻകുട്ടി ആക്കാ പറമ്പിൽ എന്ന ഗുണഭോക്താവ് 2010-11 ൽ 07/08/2010-ൽ ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ സാധാരണ മീറ്റിംഗിലെ III (സി)/10 നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർക്ക് നൽകിയ ഇന്ദിരാ ആവാസ് യോജന ലിസ്റ്റിൽ 1-ാം നമ്പരായി ഉൾപ്പെട്ടിട്ടുള്ളതും ടിയാൾക്ക് വാസയോഗ്യമായ വീട് ഇല്ലാതിരുന്നതിനാലാണ് ധനസഹായം അനുവദിക്കുവാൻ ശുപാർശ ചെയ്തതെന്നും $40M^2$ -നുള്ളിൽ നിന്നു മാത്രമേ വീട് വെയ്ക്കാവൂ എന്ന് നിർദ്ദേശം നൽകിയിരുന്നതുമാണെന്നും 93,250/- (തൊണ്ണൂറ്റിമൂവായിരത്തി ഇരുനൂറ്റി അമ്പത് രൂപാ മാത്രം) രൂപാ നൽകിയതിന് ശേഷം കൂടുതൽ ഭാഗങ്ങൾ കൂട്ടിച്ചേർത്ത് ഗുണഭോക്താവ് വീടിന്റെ അളവ് വർദ്ധിപ്പിക്കുകയാണ് ഉണ്ടായതെന്നും ബോധിപ്പിച്ചിരുന്നു.

ശ്രീമതി.സരസമ്മ, രതീഷ് ഭവനം എന്ന ഗുണഭോക്താവ് ഇ.എം.എസ്സ് ഗുണഭോക്തൃ ലിസ്റ്റിൽ 34-ാം നമ്പറിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രാഥമിക അന്വേഷണത്തിൽ ടിയാൾ ഒരു ചെറ്റകുടിലിൽ താമസിച്ച് വരുന്നതായി കണ്ടതിനാലും 2 ഉദ്യോഗസ്ഥർ അന്വേഷണം നടത്തി തയ്യാറാക്കിയ ലിസ്റ്റ് ആയിരുന്നതിനാലും ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിരിക്കണമെന്നുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും വിശദമായ ഒരു അന്വേഷണത്തിന് മുതിർന്നില്ലെന്നും. ടിയാൾ സമർപ്പിച്ച രേഖകളിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണത്തിന് ധന സഹായം നൽകിയിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിരുന്നതിനാലും 2000 മുതൽ ഇന്ദിരാ ആവാസ് യോജന പ്രകാരം ധനസഹായം നൽകിയവരുടെ രജിസ്റ്റർ പരിശോധിച്ചപ്പോഴും ടിയാന് ധനസഹായം നൽകിയതായി ബോധ്യപ്പെട്ടില്ലെന്നും ഈ സാഹചര്യത്തിലാണ് ധനസഹായം അനുവദിച്ച് നൽകിയതെന്നും ശ്രീ.സോമനാഥ്.പി.എസ് ബോധിപ്പിച്ചു. ശ്രീമതി.ശാന്തമ്മ അഞ്ചുതെങ്ങിൽ എന്ന ഗുണഭോക്താവ് 55,000/- രൂപാ കൈപ്പറ്റിയിട്ടുള്ളതും, വീട്ടു പണികൾ പൂർത്തിയാക്കിയിട്ടില്ലെന്നും വീടിന്റെ വിസ്തൃതി $40M^2$ -ൽ കൂടുതലാണെന്നും, $40M^2$ കൂടുതൽ ചെയ്യുവാൻ പാടില്ലായെന്ന് എഗ്രിമെന്റ് വെച്ചപ്പോൾ തന്നെ നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും നിർദ്ദേശത്തെ അവഗണിച്ച് ശ്രീമതി.ശാന്തമ്മ 700 സ്ക്വയർ ഫീറ്റിന്റെ അടിത്തറ കെട്ടിയെന്നും, അടുത്ത ഗഡുവിനായി അപേക്ഷ നൽകിയപ്പോൾ നേരിട്ട് കണ്ട് ബോധ്യപ്പെടുവാനായി ടിയാരിയുടെ വീട്ടിൽ പോയപ്പോൾ അടിത്തറയുടെ വിസ്തൃതി കൂടുതലായി കാണുകയും തുടർന്ന് ധനസഹായം നൽകുവാൻ സാധിക്കുകയില്ലെന്ന് ശ്രീ.സോമനാഥ്.പി.എസ് ടിയാരിയെ വാക്കാൽ അറിയിക്കുകയും ചെയ്തിരുന്നുവെന്നും ശ്രീമതി.ശാന്തമ്മയ്ക്ക് 2-ാം ഗഡു തുക അനുവദിക്കുന്നതിന് മുമ്പായി ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർക്ക് ശ്രീമതി.ശാന്തമ്മ നൽകിയ അപേക്ഷയിൽ നിർദ്ദിഷ്ട രീതിയിൽ മാത്രമേ വീട് പണിയുകയുള്ളൂ എന്ന് രേഖപ്പെടുത്തിയിരുന്നുവെന്നും ഈ വിവരം ശ്രീ.സോമനാഥ്.പി.എസ് റിപ്പോർട്ടിൽ രേഖപ്പെടുത്തുകയും ചെയ്തിരുന്നുവെന്നും ഭവന രഹിതയായ ദുർബല വിഭാഗത്തിൽപ്പെട്ട ഒരു കുടുംബത്തിന് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിനുള്ള സഹായം മാത്രമാണ് താൻ ചെയ്തിട്ടുള്ളതെന്നും ഈ വിഷയത്തിൽ നിലവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതോ ആയ ഒരു പ്രവൃത്തിയും തന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല എന്നും ശ്രീ.സോമനാഥ്.പി.എസ് ബോധിപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിന്മേൽ അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ ഗ്രാമവികസന കമ്മീഷണറോട്

ആവശ്യപ്പെട്ടതിൻപ്രകാരം ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, ശ്രീ.ഉണ്ണികൃഷ്ണൻ നായരെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും ശ്രീ.ഉണ്ണികൃഷ്ണൻ നായർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു.

ശ്രീ.സോമനാഥ്.പി.എസ് രേഖകൾ കൃത്യമായി പരിശോധിച്ചിരുന്നില്ലയെന്നും ബ്ലോക്കിൽ ഐ.എ.വൈ ധനസഹായത്തിന് ശ്രീമതി.സരസമ്മ നല്കിയ അപേക്ഷയിൽ സർവ്വെ 377/7-3 ൽ 13 സെന്റ് സ്ഥലം ഉണ്ടെന്നാണ് കാണിച്ചിരുന്നത് എന്നും ഈ സ്ഥലത്താണ് വീട് വയ്ക്കുന്നതെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ശ്രീ.സോമനാഥ്.പി.എസ്, ഫീൽഡ് പരിശോധനയിൽ ഉറപ്പാക്കിയിരുന്നില്ലയെന്നും, ഫീൽഡ് പരിശോധന നടത്തിയിട്ടില്ലെന്ന് ടിയാൻ എതിർവാദ പത്രികയിൽ സമ്മതിച്ചിട്ടുണ്ടെന്നും അന്വേഷണ ഉദ്യോഗസ്ഥനായ ശ്രീ.ഉണ്ണികൃഷ്ണൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ശ്രീമതി.സരസമ്മ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള മോഹന വിലാസം, രതീഷ് ഭവനം എന്നിങ്ങനെ വീട്ട് പേരിൽ വ്യത്യാസവും വ്യത്യസ്ത നമ്പറുകളിൽ ഉള്ള വസ്തുവിന്റെ കൈവശവകാശ രേഖ, കരമടച്ച രസീത് എന്നിവ സൂക്ഷ്മ പരിശോധന നടത്തുന്നതിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ.സോമനാഥിന്റെ ഭാഗത്തു നിന്ന് വീഴ്ച വന്നിട്ടുണ്ടെന്നും നിലവിൽ വാസയോഗ്യമായ വീട് ഗുണഭോക്താവിന് ഇല്ലെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്യുകയും രേഖകൾ, റിപ്പോർട്ട് എന്നിവ പരിശോധിച്ച് ഹൗസിംഗ് ഓഫീസർ ധനസഹായം അനുവദിക്കുവാൻ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർക്ക് ശുപാർശ സമർപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളതെന്നും ഇക്കാര്യത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഹൗസിംഗ് ഓഫീസർ എന്നിവരുടെ ഭാഗത്ത് കൃത്യവിലോപമുണ്ടായിട്ടുണ്ടെന്നും അന്വേഷണ റിപ്പോർട്ടിലുണ്ട്.

ശ്രീ.സോമനാഥ്.പി.എസ്സ്, ശ്രീ.ജി.രംഗൻ എന്നിവർക്കെതിരെ പരാമർശം (7) മുഖേന കാരണം കാണിക്കൽ നോട്ടീസ് നല്കുകയുണ്ടായി. ശ്രീ.ജി.രംഗൻ പരാമർശം (8) പ്രകാരം ലഭ്യമാക്കിയ കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടിയിൽ തന്റെ ഭാഗത്തു നിന്നും മന:പൂർവ്വമല്ലാതെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ശുപാർശയിൽ വിശ്വസിച്ചുകൊണ്ടും പ്രസ്തുത സാമ്പത്തിക വർഷത്തെ 1000 ഗുണഭോക്താക്കളുടെയും മുൻ വർഷങ്ങളിലെ സ്പിൽ ഓവർ ഗുണഭോക്താക്കളുടെയും രേഖകൾ പരിശോധിക്കേണ്ടിവന്നതു മൂലമുള്ള ജോലിത്തിരക്കുകൊണ്ടും ദിവസേന 100 ഗുണഭോക്താക്കൾക്ക് സഹായം നൽകേണ്ടിയിരുന്നതിനാലും അവരുടെ രേഖകൾ പരിശോധിക്കേണ്ടിവന്നതുകൊണ്ടും ഉണ്ടായ വീഴ്ചയെ അംഗീകരിച്ചും താൻ സർവ്വീസിൽ നിന്നും 30/11/2013-ൽ വിരമിച്ചതിനാലും

തനിക്കെതിരെയുള്ള നിയമനടപടികൾ അവസാനിപ്പിച്ച് തരണമെന്ന് ശ്രീരംഗൻ അപേക്ഷിച്ചു. ശ്രീ.സോമനാഥ്.പി.എസ് കാരണം കാണിക്കൽ നോട്ടീസിന് മറുപടി സമർപ്പിച്ചില്ല. ശ്രീ.സോമനാഥനെതിരെയുള്ള ആരോപണങ്ങളിന്മേൽ മറുപടി നൽകിയിട്ടില്ലാത്തതിനാൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്നു കാണുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 30/11/2013-ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ.സോമനാഥ്.പി.എസ്., മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബുധനൂർ ഗ്രാമപഞ്ചായത്ത്, ശ്രീ.ജി.രംഗൻ, മുൻ എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) ചെങ്ങന്നൂർ ബ്ലോക്ക്, എന്നിവർ കുറ്റക്കാരാണെന്ന് തെളിഞ്ഞിട്ടുള്ളതിനാൽ ടിയാളുകളിൽ നിന്നും 35,813/- (മുപ്പത്തയ്യായിരത്തി എണ്ണൂറ്റി പതിമൂന്ന് രൂപ മാത്രം) രൂപ വീതം ബാധ്യതയായി നിശ്ചയിച്ച് ടിയാളുകളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കുവാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ടി ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എ.ഷാജഹാൻ ഐഎഎസ്**
**സെക്രട്ടറി**

1) ശ്രീ.സോമനാഥ്.പി.എസ്, മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബുധനൂർ ഗ്രാമപഞ്ചായത്ത്,(ഗ്രാമവികസന കമ്മീണർ മുഖേന)
2) ശ്രീ.ജി.രംഗൻ, മുൻ എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ് ),ചെങ്ങന്നൂർ ബ്ലോക്ക്, (ഗ്രാമവികസന കമ്മീണർ മുഖേന)
3) ഗ്രാമവികസന കമ്മീഷണർ, തിരുവന്തപുരം
4) ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5) അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
6) വിജിലൻസ് (ഇ) വകുപ്പ്,
7) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & new media)
9) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

പകർപ്പ്:- ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.